# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 172 06.01.2014-ൽ മറുപടിയ്ക്ക്**

**ഭീകരവാദ സംഘടനകൾക്കെതിരെ നടപടി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. കെ. എസ്. സലീഖ | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് വിവിധ ഭീകരവാദ സംഘടനകളുടെ സാന്നിദ്ധ്യം ശ്രദ്ധയിൽ പ്പെട്ടുവോ ; എങ്കിൽ അവ ഏതെല്ലാം ; | (എ) സംസ്ഥാനത്ത് ഭീകരവാദ സംഘടനകളുടെ സാന്നിദ്ധ്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഇവയുമായി ആഭിമുഖ്യം ഉണ്ടെന്നു സംശയിക്കുന്ന ചില സംഘടനകളുടെ പ്രവർത്തനം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. |
| ബി) ഇവയുടെ ദേശവിരുദ്ധ പ്രവർത്തനം തടയുവാൻ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ; വിശദമാക്കാമോ; | (ബി) സംസ്ഥാനത്ത് ഭീകരവാദ സംഘടനകളുടെ സാന്നിദ്ധ്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഇവയുമായി ആഭിമുഖ്യം ഉണ്ടെന്നു സംശയിക്കുന്ന ചില സംഘടനകളുടെ പ്രവർത്തനം സർക്കാർ സസൂക്ഷ്മം നിരീക്ഷിച്ചു വരുന്നു. |
| സി) ഇവർക്ക് അനധികൃതമായി പണവും മയക്കമരുന്നും ആയുധങ്ങളും ലഭിക്കുന്നത് സർക്കാർ പരിശോധിച്ചുവോ; എങ്കിൽ ഇത് തടയുവാൻ സർക്കാർ എന്ത് നടപടികൾ സ്വീകരിച്ചു ; വ്യക്തമാക്കാമോ ; | (സി) സംസ്ഥാനത്ത് ചില സംഘടനകൾക്ക് പണവും മയക്കമരുന്നും ആയുധങ്ങളും ലഭിക്കുന്നതായി സംശയങ്ങൾ ഉണ്ടായതിനെ തുടർന്ന് ഇക്കാര്യത്തിൽ സൂക്ഷ്മ നിരീക്ഷണം നടത്തി വരുന്നുണ്ട്. |
| ഡി) സംസ്ഥാനത്ത് മാവോവാദികളുടെ സാന്നിദ്ധ്യം സ്ഥിരീകരിച്ചിട്ട് എത്ര കാലമായി യെന്നും, ഇതേവരെ എത്ര പേരെ പിടികൂടിയെന്നും ഇവരുടെ സാന്നിദ്ധ്യം റിപ്പോർട്ട് ചെയ്യപ്പെട്ട സ്ഥലങ്ങൾ ഏതെല്ലാം എന്നും വ്യക്തമാക്കാമോ; | (ഡി) 2013 ഫെബ്രുവരി മാസം മുതലാണ് സംസ്ഥാനത്ത് മാവോവാദികളുടെ സാന്നിദ്ധ്യം സ്ഥിരീകരിച്ചത്. ഇതേവരെ ആരെയും പിടികൂടി യിട്ടില്ല. സംസ്ഥാനത്തിന്റെ വടക്കൻ മേഖലയിൽ കോഴിക്കോട്, വയനാട്, മലപ്പുറം, കണ്ണൂർ എന്നീ ജില്ലകളിൽ പ്രധാനമായും വനാതിർത്തി പ്രദേശങ്ങളിൽ നാളിതുവരെ 48 തവണ മാവോയിസ്റ്റുകളെന്നു സംശയിക്കുന്ന വരെ കണ്ടെത്തിയതായി സ്ഥലവാസികൾ അറിയിക്കുകയുണ്ടായി. |
| ഇ) രാജ്യസുരക്ഷയ്ക്ക് ഭീഷണിയായ ഇവരുടെ സാന്നിദ്ധ്യം കണ്ടെത്തി തടയുവാനായി ഈ സർക്കാർ എത്ര തുക ചെലവാക്കി; എന്തൊക്കെ കാര്യങ്ങൾക്കായി; വിശദമാ ക്കാമോ ; | (ഇ) മാവോയിസ്റ്റുകളെ പിടികൂടുന്നതിന് മാത്രമായി പ്രത്യേക തുക ചെലവായിട്ടില്ല. എന്നാൽ ഇവർ ഉന്നംവെയ്ക്കുന്ന ജനവിഭാഗങ്ങളായ ആദിവാസി കൾ, ഗോത്രവർഗ്ഗക്കാർ മുതലായവരുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി തുകകൾ ചെലവാക്കി യിട്ടുണ്ട്. |
| എഫ്) ഭീകരവാദി സംഘടനകളുടെ പേരിൽ ഏതെല്ലാം പോലീസ് സ്റ്റേഷനുകളിൽ ഏതെല്ലാം വകുപ്പുകൾ പ്രകാരം എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; വിശദാംശം വ്യക്തമാക്കാമോ ; | (എഫ്) രജിസ്റ്റർ ചെയ്തിട്ടില്ല. |

| | | | |
|---|---|---|---|
| ജി) | സംസ്ഥാനത്ത് മാവോവാദികൾ, മറ്റു ഭീകര സംഘടനകൾ എന്നിവരിൽ നിന്നും സംസ്ഥാനത്തെ ഏതെല്ലാം രാഷ്ട്രീയ കക്ഷികളുടെ ഏതെല്ലാം നേതാക്കൾക്ക് നിലവിൽ ഭീഷണിയുണ്ട് ; വിശദാംശം വ്യക്തമാക്കാമോ ; | (ജി) | സംസ്ഥാനത്തെ രാഷ്ട്രീയ കക്ഷികളുടെ നേതാക്കൾക്ക് ഭീകര സംഘടനകളിൽനിന്നും നിലവിൽ ഭീഷണികൾ ഒന്നും ഇല്ല. എന്നാൽ 01.11.2013-ന് മാവോയിസ്റ്റുകൾ കോഴിക്കോട് ജില്ലയിലെ കുറ്റിയാടി പോലീസ് സ്റ്റേഷൻ പരിധിയിൽ ഉള്ള വായാട് ആദിവാസി കോളനി സന്ദർശിച്ച വിതരണം നടത്തിയതായി പറയപ്പെടുന്ന ലഘുലേഖകളിൽ നിന്ന് സി.പി. ഐ.(എം) വയനാട് ജില്ലാ കമ്മറ്റി സെക്രട്ടറി ശ്രീ. സി. കെ. ശശീന്ദ്രന് മാവോയിസ്റ്റ് സംഘടനയിൽ നിന്നും ഭീഷണി ഉള്ളതായി വിവരം ലഭിച്ചിട്ടുണ്ട്. |
| എച്ച്) | ഇത് സംബന്ധിച്ച് ഏതെല്ലാം വകുപ്പുകൾ പ്രകാരം എത്ര കേസ്സുകൾ ഏതെല്ലാം സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്തു ; | (എച്ച്) | 01.11.2013-ന് മാവോയിസ്റ്റുകൾ കോഴിക്കോട് ജില്ലയിലെ കുറ്റിയാടി പോലീസ് സ്റ്റേഷൻ പരിധിയിൽ ഉള്ള വായാട് ആദിവാസി കോളനി സന്ദർശിച്ച വിതരണം നടത്തിയതായി പറയപ്പെടുന്ന ലഘുലേഖകളിൽ നിന്ന് സി.പി. ഐ.(എം) വയനാട് ജില്ലാ കമ്മറ്റി സെക്രട്ടറി ശ്രീ. സി. കെ. ശശീന്ദ്രന് മാവോയിസ്റ്റ് സംഘടനയിൽ നിന്നും ഭീഷണി ഉള്ളതായി വിവരം ലഭിച്ചതിനെ തുടർന്ന് കുറ്റിയാടി പോലീസ് സ്റ്റേഷനിൽ Cr. No.861/2013 U/s 143, 147, 148, 506 (II) IPC & Section 25 (1A) , 10 (1) (a) (IV), b(II) 13(1) (a), 16(1)(b) of UAP Act, 1967 and 25 (A) of Arms Act 1959 പ്രകാരം ഒരു കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| ഐ) | ഭീഷണിയുള്ള രാഷ്ട്രീയ കക്ഷിനേതാക്കൾക്ക് ജീവനും സ്വത്തിനും കുടുബത്തിനും രക്ഷ നൽകുവാൻ സർക്കാർ എന്ത് നടപടികൾ സ്വീകരിച്ചു ; വ്യക്തമാക്കാമോ; | (ഐ) | സി.പി. ഐ.(എം) വയനാട് ജില്ലാ കമ്മറ്റി സെക്രട്ടറി ശ്രീ. സി. കെ. ശശീന്ദ്രന് മാവോയിസ്റ്റ് സംഘടനയിൽ നിന്നും ഭീഷണിയുണ്ടെന്നുള്ള വിവരത്തിന്റെ അടിസ്ഥാനത്തിൽ അദ്ദേഹത്തിന്റെ സ്വത്തിനും കുടുംബത്തിനും പോലീസ് പൊതുവായ സുരക്ഷ ഉറപ്പുവരുത്തുകയും, കൂടതെ ഒരു പോലീസ് ഉദ്യോഗസ്ഥനെ അദ്ദേഹത്തിന്റെ പേഴ്സണൽ സെക്യൂരിറ്റി ഓഫീസർ ആയും നിയമിച്ചിട്ടുമുണ്ട്. |
| ജെ) | ഇത് സംബന്ധിച്ച് സർക്കാരിന് ലഭിച്ച ഇന്റലിജൻസ് റിപ്പോർട്ടുകൾ പ്രകാരം എന്ത് നടപടികൾക്ക് ശുപാർശാ റിപ്പോർട്ട് ലഭിച്ചു; അതിൻ പ്രകാരം ഏതെല്ലാം നടപടികൾ സ്വീകരിച്ചു; എത്ര ശുപാർശകളിൽ ഇനി നടപടികൾ സ്വീകരിക്കാനുണ്ട് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ? | (ജെ) | മാവോയിസ്റ്റ് സാന്നിദ്ധ്യം സംബന്ധിച്ച് സർക്കാരിന് ലഭിക്കുന്ന ഇന്റലിജൻസ് റിപ്പോർട്ടുകൾ പരിഗണിച്ച യഥാസമയം സർക്കാർ സത്വര നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇതു സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്തുന്നത് മാവോയിസ്റ്റ് വിരുദ്ധ പ്രവർത്തനങ്ങളെ പ്രതി കൂലമായി ബാധിക്കാൻ ഇടയുള്ളതിനാൽ വെളിപ്പെടുത്താൻ നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ